## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4671

23.07.2015 ൽ മറുപടിയ്ക്ക്

# കർഷക കടാശ്വാസ കമ്മീഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.കെ. വിജയൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) കോഴിക്കോട് ജില്ലയിലെ കർഷകർക്ക് കടാശ്വാസ കമ്മീഷൻ നൽകിയ ഉത്തരവിന്മേൽ സഹകരണ ബാങ്കുകൾ കടാശ്വാസം നൽകുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കർഷക കടാശ്വാസ കമ്മീഷൻ കർഷകർക്ക്/ സഹകരണ സംഘങ്ങൾക്ക് നൽകിയിരുന്ന അവാർഡുകളുമായി ബന്ധപ്പെട്ട സർക്കാർ ബാധ്യത ഇനത്തിൽ കടാശ്വാസമായി 3309 അവാർഡുകളിലായി 8,51,44,843/- രൂപ (എട്ട് കോടി അമ്പത്തിയൊന്ന് ലക്ഷത്തി നാൽപ്പത്തി നാലായിരത്തി എണ്ണൂറ്റി നാൽപ്പത്തി മൂന്ന് രൂപ) ഇതിനോടകം കോഴിക്കോട് ജില്ലയിലെ ബന്ധപ്പെട്ട സഹകരണ സംഘങ്ങൾക്ക്/ ബാങ്കുകൾക്ക് സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (ബി) എങ്കിൽ ഇത്തരത്തിൽ എന്തെങ്കിലും പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ;<br>(സി) എങ്കിൽ എന്ത് നടപടിയാണ് ഇത്തരം സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ; | (ബി) യും (സി) യും കടാശ്വാസ കമ്മീഷൻ ശുപാർശ ചെയ്തിരുന്ന കടാശ്വാസ തുക സമയബന്ധിതമായി ലഭ്യമാക്കണമെന്ന് അപേക്ഷിച്ച് നിരവധി കർഷകരും, സഹകരണ സംഘങ്ങളും ഈ വകുപ്പിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ടായിരുന്നു. സർക്കാർ അനുവദിച്ച് നൽകുന്ന കടാശ്വാസ തുക സർക്കാർ നിർദ്ദേശത്തിന് അനുസൃതമായ വകുപ്പുതല പരിശോധന നടത്തി അർഹത ഉറപ്പ് വരുത്തിയാണ് സംഘങ്ങൾക്ക് അനുവദിച്ച് നൽകുന്നത്. സംഘങ്ങൾക്ക് അനുവദിച്ച് നൽകുന്ന കടാശ്വാസം കർഷകർക്ക് വായ്പാ അക്കൗണ്ടുകളിൽ വരവ് വച്ച് നൽകുന്നില്ലായെന്നത് സംബന്ധിച്ച പരാതികളൊന്നും ഈ വകുപ്പിൽ ലഭ്യമായിട്ടില്ല. |

| | | |
|---|---|---|
| (ഡി) | ഇല്ലെങ്കിൽ ഇത്തരം സ്ഥാപനങ്ങൾക്കെതിരെ ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ഡി) കടാശ്വാസം നൽകുന്നില്ലാ എന്നത് സംബന്ധിച്ച് സഹകരണ ബാങ്കുകൾക്കെതിരെ പരാതി ലഭിക്കുകയാണെങ്കിൽ സഹകരണ നിയമത്തിനും ചട്ടത്തിനും അനുസൃതമായ അന്വേഷണം നടത്തി നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ